# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5065      27.06.2019 ൽ മറുപടിക്കുണ്ടായിരുന്നത്

## സ്ത്രീകളെ ചുട്ടുകരിക്കുന്ന സംഭവങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സ്ത്രീകളെ നടുറോഡിലിട്ട് ചുട്ടുകരിക്കുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ഗുരുതരമായ സാഹചര്യം ഉളവാക്കിയതായി കരുതുന്നുണ്ടോ എന്നറിയിക്കാമോ; | (എ) ഇത്തരം കുറ്റകൃത്യങ്ങൾ പൊതുവായ ഒന്നല്ല. 25/05/2016 മുതൽ 19.06.2019 വരെ ഇത്തരത്തിലുള്ള ആകെ നാല് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് നിരന്തരം ആവർത്തിക്കുന്ന ഒരു കുറ്റകൃത്യമായി വിലയിരുത്തിയിട്ടില്ല. ഇത്തരം ഗുരുതരമായ കുറ്റകൃത്യങ്ങളെ സർക്കാർ ഗൗരവതരമായി കാണുന്നുണ്ട്. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും കുറ്റവാളികളെ നിയമത്തിന് മുന്നിലെത്തിച്ച് ശിക്ഷ വാങ്ങി നൽകാനുമുള്ള ശക്തമായ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ബി) ക്രമസമാധാനം പരിപാലിക്കേണ്ട പോലീസ് ഉദ്യോഗസ്ഥർ തന്നെ ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നത് സംസ്ഥാനത്തെ ക്രമസമാധാന നില തകർന്നിരിക്കുന്നു എന്നതിന്റെ തെളിവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) ഒരു പോലീസുദ്യോഗസ്ഥൻ ഇത്തരം കുറ്റകൃത്യം നടത്തിയെന്നത് മുൻനിർത്തി അതുവഴി സംസ്ഥാനത്തിന്റെ മൊത്തം ക്രമസമാധാനം തകർന്നു എന്നു വിലയിരുത്തുന്നില്ല. ഒറ്റപ്പെട്ട സംഭവങ്ങളെ മുൻനിർത്തി ആയത് സംസ്ഥാനത്തിന്റെ പൊതുസ്ഥിതി എന്ന് വിലയിരുത്തുന്നത് യുക്തിസഹമല്ല. |
| (സി) സംസ്ഥാനത്ത് മദ്യവും മയക്കമരുന്നും വ്യാപകമാവുന്നത് ഇത്തരം ഹീനമായ കുറ്റകൃത്യങ്ങൾ വളരുന്നതിന്റെ കാരണമാകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) കഴിഞ്ഞ 3 വർഷത്തിനിടയിൽ റിപ്പോർട്ട് ചെയ്ത 4 കേസുകളിലും പ്രണയനൈരാശ്യവും കുടുംബ പ്രശ്നങ്ങളുമാണ് ഈ കുറ്റകൃത്യങ്ങൾക്ക് കാരണമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ